ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. A5/3179/24/DTE തീയതി: 09-09-2026

**<u>പരിപത്രം</u>**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം - മെഡിസെപ് പോർട്ടൽ - അക്കൗണ്ടിംഗ് ഫൈനലൈസ് ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന :- 1.സർക്കുലർ നം. 6/2024/ധന, തീയതി 19/01/2024.
2.സർക്കുലർ നം. 34/2026/ധന, തീയതി 14/07/2026.
3.18/08/2026 തീയതിയിലെ, മെഡി.എൻ.സി1/109/2026-ധന (E 3575000) നമ്പർ ധനകാര്യ (മെഡിസെപ് നോഡൽ സെൽ) വകുപ്പ് സർക്കാർ കത്ത്.

മെഡിസെപ് പദ്ധതിയുമായി ബന്ധപ്പെട്ട് ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയിട്ടുള്ള പ്രീമിയം തുകയും സർക്കാർ ശീർഷകത്തിൽ ലഭിച്ച തുകയും സംബന്ധിച്ച റീ-കൺസിലിയേഷൻ സ്റ്റേറ്റ്മെൻറ് അക്കൗണ്ട് ജനറലിന് സമർപ്പിക്കേണ്ടതുണ്ട് എന്ന വിവരം സർക്കാർ അറിയിച്ചിരുന്നു. ഇൻഷ്വറൻസ് കമ്പനിയ്ക്ക് സർക്കാർ ഒടുക്കിയ പ്രീമിയം തുകയും ഗുണഭോക്താക്കളിൽ നിന്നും ഈടാക്കി വരുന്ന തുകയും തമ്മിൽ വൈരുദ്ധ്യം നിലനിൽക്കുന്ന സാഹചര്യത്തിൽ ഇത് തിട്ടപ്പെടുത്തുന്നതിനായും ഗുണ ഭോക്താക്കളുടെ പ്രീമിയം അക്കൗണ്ടിംഗ് ക്രമീകരിക്കുന്നതിനായും മെഡിസെപ് പോർട്ടലിൽ റീ-കൺസിലിയേഷൻ ചെയ്യുന്നതിന് സർക്കാർ നിർദേശം നല്കിയിരുന്നു.

മെഡിസെപ് ഫെയ്സ്-2 അക്കൗണ്ടിംഗ് ചെയ്യുന്നതിനായി നിലവിൽ മെഡിസെപ് പോർട്ടലിൽ ഡി.ഡി.ഒ ലോഗിനിൽ "Accounting" ഓപ്ഷനിൽ "RECONCILIATION PHASE II" പ്രവർത്തന സജ്ജമാണ്. ഫെയ്സ്-2 റീ-കൺസിലിയേഷൻ 2026 ഫെബ്രുവരി മാസം മുതലാണ് ആരംഭിക്കുന്നത്. ഇതിൽ 2026 ജനുവരി മാസത്തെ ശമ്പളത്തിൽ നിന്നും, 2026 ഫെബ്രുവരി മാസത്തെ പെൻഷനിൽ നിന്നും ഈടാക്കിയ പ്രീമിയം തുകയുമാണ് റീ-കൺസൈൽ ചെയ്യേണ്ടത്. വിശദമായ വിവരങ്ങൾ സൂചന (2) സർക്കുലറിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആകയാൽ, എല്ലാ ഡിഡിഒ-മാരും **സെപ്റ്റംബർ 11, വൈകുന്നേരം 5.00 മണിക്ക്** മുൻപ് DTE **Information System (DIS) പോർട്ടലിൽ മെഡിസെപ് രണ്ടാം ഘട്ടം ഒന്നാം പാദത്തിലെ അക്കൗണ്ടിംഗ് റീ-കൺസിലിയേഷൻ ഫൈനലൈസ്** ചെയ്യുന്ന നടപടി പൂർത്തിയാക്കണമെന്ന് **അറിയിക്കുന്നു.** അടിയന്തിര പ്രാധാന്യം ഉള്ള വിഷയമായതിനാൽ ഇതിന്മേലുള്ള നടപടി സമയ ബന്ധിതമായി തീർപ്പാക്കേണ്ടതാണ്.

SUBHALEKSHMY R
SENIOR FINANCE OFFICER

Digitally signed by
Subhalekshmy R
Date: 09-09-2026
17:20:14

സ്വീകർത്താവ്:-

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപന മേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.